**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ യു.ഡി. ടൈപ്പിസ്റ്റ് ആയ ശ്രീ. സന്തോഷ് കുമാർ ജി.എസ്.-ന് അനുവദിച്ച പലിശരഹിത ചികിത്സാവായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.521/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.03.2019

---

പരാമർശം:- 1. 28.07.2016 ലെ സ.ഉ(സാധാ)2285/2016/തസ്വഭവ നം. ഉത്തരവ്

2. ശ്രീ. സന്തോഷ് കുമാർ ജി.എസ്. സമർപ്പിച്ച 16.08.2016 ലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ.

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2017,25.05.2017,18.01.2018,21.06.2018 തീയതികളിലെ ഇ 3-8229/2018/സി.ഇ/തസ്വഭവ നമ്പർ കത്ത്.

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.01.2017 ലെ MR5/70627/2016/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ ഓഫീസിൽ യു.ഡി.ടൈപ്പിസ്റ്റ് ആയ ശ്രീ.സന്തോഷ് കുമാർ ജി.എസ്.-ന്റെ പിതാവിന് തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ഹൃദയസംബന്ധമായ ശസ്ത്രക്രിയ നടത്തുന്നതിനായി ₹2,00,000/- രൂപ(രണ്ട് ലക്ഷം രൂപ മാത്രം) പലിശരഹിത ചികിത്സാവായ്പയായി അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2. മേൽപറഞ്ഞ ശസ്ത്രക്രിയയ്ക്ക് ചിലവായ തുക ₹1,78,717/- രൂപ(ഒരു ലക്ഷത്തി എഴുപത്തി എണ്ണായിരത്തി എഴുനൂറ്റി പതിനേഴ് രൂപ മാത്രം) ആണെന്ന് ആശുപത്രി അധികൃതർ അറിയിച്ചിട്ടുണ്ട്. ടി ശസ്ത്രക്രിയയ്ക്കും മറ്റ് ആശുപത്രി ചിലവുകൾക്കും ചിലവായ 1,88,456/- രൂപ പരാമർശം 1 പ്രകാരം അനുവദിച്ച പലിശരഹിത ചികിത്സാവായ്പയിൽ ക്രമീകരിക്കുന്നതിനായി ശ്രീ.സന്തോഷ് കുമാർ ജി.എസ്. പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക ₹1,33,538/- രൂപ(ഒരു ലക്ഷത്തി മുപ്പത്തി മൂവായിരത്തി അഞ്ഞൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുക കിഴിച്ച് പലിശരഹിത ചികിത്സാവായ്പയിൽ ബാക്കിയുള്ള 66,462/- രൂപ(അറുപത്തി ആറായിരത്തി നാനൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) ശ്രീ.സന്തോഷ് കുമാർ.ജി.എസ് ട്രഷറിയിൽ അടച്ച് അസ്സൽ ചെലാൻ ഹാജരാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. സന്തോഷ് കുമാർ ജി.എസ്. ന് അനുവദിച്ച പലിശ രഹിത ചികിത്സാവായ്പ ക്രമീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം 3 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ ഓഫീസിൽ യു.ഡി. ടൈപ്പിസ്റ്റ് ആയ ശ്രീ. സന്തോഷ് കുമാർ

ജി.എസ്. ന്റെ പിതാവിന്റെ ശസ്ത്രക്രിയയ്ക്ക് തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ചെലവായ 1,88,456/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 1,33,538/- രൂപ പരാമർശം 1 പ്രകാരം അനുവദിച്ച ₹2,00,000/- രൂപയുടെ പലിശരഹിത ചികിത്സാവായ്പയിൽ തിട്ടപ്പെടുത്തികൊണ്ടും, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുക കിഴിച്ച് പലിശരഹിത ചികിത്സാവായ്പയിൽ ബാക്കിയുള്ള മുഴുവൻ തുകയും ശ്രീ.സന്തോഷ് കുമാർ.ജി.എസ് ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാന് അനുവദിച്ച പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച് കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത് വി.പി.**

അണ്ടർ സെക്രട്ടറി

1. ശ്രീ. സന്തോഷ് കുമാർ ജി.എസ്., യൂ.ഡി.ടൈപ്പിസ്റ്റ് (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്(15.12.2018 ലെ 428590/L3/460/17-Fin നം. കുറിപ്പ് .പ്രകാരം)
6. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(19.01.2019 ലെ G2/85/2019/H & FWD പ്രകാരം)
7. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.